പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2870.

20.03.2015 ൽ മറുപടിക്ക്

**സബ് സിഡി നിരക്കിൽ മണ്ണെണ്ണ**

**ചോദ്യം**

**ശ്രീ.എ. കെ. ശശീന്ദ്രൻ**
**,, തോമസ് ചാണ്ടി :**

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) പൊതുവിതരണ ശൃംഖലയിലൂടെ പാചക ആവശ്യത്തിനും വിളക്ക് തെളിയിക്കുന്നതിനും മാത്രമാണ് കേന്ദ്ര സർക്കാർ സബ് സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്നതെന്നറിയാമോ; | (എ) കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ വിജ്ഞാപന പ്രകാരം പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന സബ് സിഡി മണ്ണെണ്ണ പാചക ആവശ്യത്തിനും വിളക്ക് തെളിയിക്കുന്നതിനും ഉള്ളതാണ്. |
| (ബി) 31.12.2014 വരെ 3 മാസത്തെ ആവശ്യത്തിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മണ്ണെണ്ണ വിഹിതം എത്രയെന്ന് വെളിപ്പെടുത്താമോ; | (ബി) 31.12.2014 വരെ 3 മാസത്തെ ആവശ്യത്തിനായി 30048 കി.ലിറ്റർ മണ്ണെണ്ണ വിഹിതമാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ചുനല്കിയത്. |
| (സി) 2015 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് അനുവദിച്ചത്; | (സി) & (ഡി) 2012-13ൽ കേന്ദ്രം അനുവദിച്ച മണ്ണെണ്ണ മത്സ്യബന്ധന ബോട്ടുകൾക്കും മറ്റ് ആവശ്യങ്ങൾക്കും വകമാറ്റി ഉപയോഗിച്ചതിനാൽ 2015 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ 7584 കിലോ ലിറ്റർ കുറച്ച് 22464 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് കേന്ദ്രം അനുവദിച്ചത്. എന്നാൽ സംസ്ഥാനത്തിന്റെ സമ്മർദ്ദം മൂലം പിന്നീട് ഇത് 30036 കിലോ ലിറ്റർ ആയി ഉയർത്തുകയുണ്ടായി. |
| (ഡി) 2012-13ൽ കേന്ദ്രം അനുവദിച്ച മണ്ണെണ്ണ മത്സ്യബന്ധന ബോട്ടുകൾക്കും കാർഷിക ആവശ്യത്തിനും വക മാറ്റി വിൽപ്പന നടത്തിയതിനാൽ മണ്ണെണ്ണ വിഹിതം കേന്ദ്രം വെട്ടിക്കുറച്ചിട്ടുണ്ടോ; | |
| (ഇ) കർണ്ണാടകം, തമിഴ്നാട്, ആന്ധ്ര, ബംഗാൾ എന്നീ സംസ്ഥാനങ്ങൾക്ക് നൽകുന്ന രീതിയിൽ കേരളത്തിനും മണ്ണെണ്ണ വിഹിതം നൽകാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | (ഇ) മുൻകാലങ്ങളിൽ വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിച്ചുതരുവാൻ ആവശ്യപ്പെട്ടപ്പോഴൊക്കെ എൽ.പി.ജി. കണക്ഷനുകളും വൈദ്യുതി കണക്ഷനുകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മണ്ണെണ്ണ വിഹിതം കൂട്ടിനല്കാൻ നിർവ്വാഹമില്ലായെന്നായിരുന്നു കേന്ദ്ര സർക്കാർ നിലപാട്. |

സെക്ഷൻ ഓഫീസർ